ഉത്തരം

(എ) പുഴയോര സംരക്ഷണത്തിനായി പാർശ്വഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എഫ്. സി./എഫ്. ഡി. ഫണ്ടുകളും റിവർ മാനേജ്മെന്റ് ഫണ്ടും ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി പുഴയോരങ്ങൾ സംരക്ഷിക്കുകയും ചെയ്തുവരുന്നു. കണ്ണൂർ ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് 48.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഈ സാമ്പത്തികവർഷം ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്.

(ബി) തളിപ്പറമ്പ് മുനിസിപ്പാലിറ്റി, ചെങ്ങളായി, ധർമ്മടം, ചിറയ്ക്കൽ, കൂടാളി, പരിയാരം, മുഴപ്പിലങ്ങാട്, എരുവേശ്ശി, എടക്കോട്, പാപ്പിനിശ്ശേരി, കണ്ണൂർ മുനിസിപ്പാലിറ്റി, മുഴക്കുന്ന് എന്നിവിടങ്ങളിൽ പുഴയോര സംരക്ഷണ പ്രവൃത്തികൾ നടത്തുവാൻ 137 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പുത്തൂർ പുഴയിൽ കുന്നോത്ത് പറമ്പ് പഞ്ചായത്തിൽ 24.25 ലക്ഷം രൂപയുടെയും, കുണ്ടൂർ പുഴയിൽ അങ്ങാടിക്കടവിൽ 2.10 ലക്ഷം രൂപയുടെയും പാട്യം പഞ്ചായത്തിൽ അമ്പലപ്പുഴ വേട്ടക്കൊരുമകൻ ക്ഷേത്രത്തിനുസമീപം 3.95 ലക്ഷം രൂപയുടെയും പാട്യം പഞ്ചായത്തിൽ ചിറക്കാവിൽ 6.70 ലക്ഷം രൂപയുടെയും പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിക്ക് ടെക്നിക്കൽ അപ്രൂവൽ നൽകിയശേഷം സാമ്പത്തിക അനുമതിക്കായി ആർ. ഐ. ഡി. എഫ്. 11-ൽ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് നഗരത്തിലെ ജലവിതരണം

44 [3297] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പഴയ പൈപ്പുകൾ മാറ്റുന്നതിന് ഇതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണ് പഴയ പൈപ്പുകൾ മാറാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലവിഭവ വകുപ്പ് ഈ സാമ്പത്തികവർഷം പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കോഴിക്കോട് നഗരത്തിലെ ചില പ്രദേശങ്ങളിൽ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ ഇടുന്നതിനുള്ള നടപടികൾ ജെ. ബി. ഐ. സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന 'കോഴിക്കോട് നഗരത്തിനും പ്രാന്ത പ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി'യിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നതേയുള്ളു.

ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

45 [3298] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 2004-2005 സാമ്പത്തിക വർഷത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തു തുക ചെലവഴിച്ചുവെന്നും 2005-2006 വർഷത്തേക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചെറുകിട ജലസേചന വിഭാഗത്തിൽ 2004-2005 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുക:-

2702-01-800-94- P.M.— 34 OC (NP)- 1144 ലക്ഷം രൂപ.
2702-01-800-93- (NP) — 319 ലക്ഷം രൂപ.
2702-01-800-97- (P) — 33.20 ലക്ഷം രൂപ.
2702-01-800-95- (P) — 8.11 ലക്ഷം രൂപ.
2702-01-800-89- (P) NABARD — 166.06 ലക്ഷം രൂപ.
4702-00-101-99- (P) — 751.40 ലക്ഷം രൂപ.
4702-00-101-97- (P) — 49.82 ലക്ഷം രൂപ.
4702-00-101-93- (P) NABARD — 561.20 ലക്ഷം രൂപ.
4702-00-101-92- (P) NABARD — 0.58 ലക്ഷം രൂപ.

GPM. 2/609/2012—12

LIBRARY ARCHIVES Kerala Legislative Assembly